## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 344 | 23.01.2018 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവും സുരക്ഷയും** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**,, ഒ. ആർ. കേളു**<br>**,, കെ.കുഞ്ഞിരാമൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവും സുരക്ഷയും ശക്തിപ്പെടുത്തുന്നതിനായി പുതുതായി രൂപീകരിച്ച വനിതാ ബാലവികസന വകുപ്പ് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ; | (എ) 30.06.2017 ലെ സ.ഉ (കൈ) നം.24/2017/സാനീവ ഉത്തരവ് പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിക്കുയും ആയതിലേയ്ക്ക് തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതിയതായി രൂപീകരിച്ച വനിതാ ശിശു വികസന വകുപ്പിന്റെ ഡയറക്ടറേറ്റ് കാര്യാലയം, സാമൂഹ്യനീതി ഡയറക്ടേറ്റ് അനക്സ് പ്രവർത്തിച്ചു വന്നിരുന്ന പൂജപ്പുരയിലെ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) സ്ത്രീ സുരക്ഷാ നടപടികൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച നിർഭയ പദ്ധതിയുടെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) ലൈംഗിക പീഡനം, ലൈംഗിക അതിക്രമം ലൈംഗികവൃത്തിയ്ക്ക് വേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയ പദ്ധതി മുൻ തൂക്കം നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് പദ്ധതി ലക്ഷ്യമിടുന്നത്.ചുവടെപ്പറയുന്ന പദ്ധതികൾ നിർഭയ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>**നിർഭയ ഷെൽട്ടർ ഹോമുകൾ** - വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗികാതിക്രമത്തിന് ഇരയായവരെ സംരക്ഷിക്കുന്നതിന് നിലവിൽ 12 നിർഭയഷെൽട്ടർ ഹോമുകൾ തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ വിവിധ സന്നദ്ധ സംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിൽ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**വൺ സ്റ്റോപ്പ് സെന്റർ** :- അതിക്രമത്തിനിരയായവർക്ക് കേന്ദ്ര സർക്കാരിന്റെ |

| | |
|---|---|
| | 100% ധനസഹായത്തോടെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലിസിന്റെ സഹായം, നിയമസഹായം എന്നീ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിന് 2015-16 ൽ അനുവദിച്ച വൺ സ്റ്റോപ്പ് സെന്റർ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**മോഡൽ നിർഭയ ഷെൽട്ടർ ഹോം**:- പ്രായത്തിനനുയോജ്യമായ താമസസൗകര്യങ്ങളും ഓഡിറ്റോറിയം, തൊഴിൽ പരിശീലന കേന്ദ്രം, സിക്ക് റൂം മറ്റ് അനുബന്ധ സൗകര്യങ്ങളും ഉള്ള മോഡൽ നിർഭയ ഷെൽട്ടർ ഹോം 2 ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**പ്രിവെൻഷൻ ക്യാമ്പെയിൻ** :- അങ്കണവാടി തലം മുതൽ കോളേജ് തലം വരെയുള്ള കുട്ടികൾക്കും സർക്കാർ ഉദ്യോഗസ്ഥർക്കും വിവിധ ക്ലബ്ബുകൾക്കും സന്നദ്ധ സംഘടനകൾക്കും വിദ്യാഭ്യാസ സാമൂഹ്യ സമ്പർക്ക പ്രതിരോധ പരിപാടികളിലൂടെ അതിക്രമ രഹിത സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**മീഡിയ ക്യാമ്പെയിൻ** - സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന വിവിധ സ്കീമുകളുടെ ലക്ഷ്യങ്ങളെയും പ്രവർത്തനങ്ങളെയും സേവനങ്ങളെയും കുറിച്ചുള്ള അവബോധം പൊതുജനങ്ങളുടെ ഇടയിൽ മീഡിയ ക്യാമ്പെയിൻ വഴി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>**നിർഭയ ഷെൽട്ടർ ഹോം സ്റ്റാഫിനു വേണ്ടിയുള്ള ട്രെയിനിംഗ്** - നിർഭയ ഷെൽട്ടർ ഹോമുകളിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് പരിശീലനം നൽകി വരുന്നു. |
| (സി) വിവിധ ആവശ്യങ്ങൾക്കായി വിദൂര നഗരങ്ങളിലും മറ്റു സ്ഥലങ്ങളിലും തങ്ങേണ്ടി വരുന്ന വനിതകൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി പ്രഖ്യാപിച്ച ഷീ ലോഡ്ജുകൾ സ്ഥാപിതമായിട്ടുണ്ടോ; വിശദാംശം നൽകാമോ ? | (സി) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന എറണാകുളം ജില്ലയിൽ ഷീ ലോഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ